കഥകളുടെ കഥ

കഥകൾ! ആഹാ, എത്രയെത്ര കഥകൾ! കഥ കേൾക്കാനും പറയാനും നമുക്കെല്ലാം എന്തോരിഷ്ടമാണ് അല്ലേ! നല്ലൊരു കഥ കേൾക്കുമ്പോൾ നമ്മൾ വിശപ്പും ദാഹവും മറന്നു പോകുന്നു. എന്തിന്! ഉറക്കം പോലും നല്ല കഥകൾക്ക് വഴിമാറും. അല്ലേ?

ഒന്നോർത്തു നോക്കൂ. നിങ്ങൾ ഇതു വരെ എത്ര കഥകൾ കേട്ടു കാണും? എത്ര കഥ പറഞ്ഞു കാണും? അതൊക്കെ എണ്ണി തിട്ടപ്പെടുത്താൻ എളുപ്പമാവില്ല അല്ലേ? രാജാക്കന്മാരുടെയും രാജ്ഞിമാരുടെയും കഥകൾ, പുരാണ കഥകൾ , മാന്ത്രിക കഥകൾ, മരങ്ങളുടെയും പൂക്കളുടെയും മൃഗങ്ങളുടെയും കഥകൾ ...ചിരിപ്പിക്കുന്ന കഥകൾ, മുത്തശ്ശിമാരുടെയും മുത്തച്ഛന്മാരുടെയും കഥകൾ, ചിന്തിപ്പിക്കുന്ന കഥകൾ...അങ്ങിനെ അങ്ങിനെ എത്ര എത്ര തരം കഥകൾ! ...

അല്ലാ കൂട്ടുകാരേ, ഈ കഥകളെല്ലാം എവിടെ നിന്നാ വരുന്നേ? നിങ്ങൾ അലോചിച്ചിട്ടുണ്ടോ! ഏതായാലും നമുക്ക് ആദ്യം കഥകളെക്കുറിച്ചുള്ള ചില കഥകൾ നോക്കാം.




ഇന്ത്യയിൽ **നിന്നുള്ള** ഒരെണ്ണം ഇതാ:

ഒരിക്കൽ ഒരു ക്ഷുരകൻ ഒരു പരമ രഹസ്യം കേട്ടു. അയാൾ അത് തന്റെ മനസ്സിൽ തന്നെ സൂക്ഷിക്കാൻ ശ്രമിച്ചു. പക്ഷേ അതോടെ അയാളുടെ വയർ വീർത്തു വീർത്തു വരാൻ തുടങ്ങി! ഒടുവിൽ, അയാൾ അ രഹസ്യം തന്റെ ഭാര്യയുടെ ചെവിയിൽ പറഞ്ഞു. ഹാവൂ.. അതോടെ ആയാൾക്ക് ആശ്വാസമായി!

പക്ഷേ രഹസ്യം കേട്ട ഭാര്യയുടെ വയറു വീർക്കാൻ തുടങ്ങി. സഹികെട്ട അവർ അത് ആരോടെങ്കിലും പറയാൻ തീരുമാനിച്ചു. പക്ഷേ ആരോട് പറയും? ഒടുവിൽ അവർ നിലത്ത് ഒരു കുഴി കുഴിച്ച് അതിൽ രഹസ്യം മന്ത്രിച്ചു. എന്നിട്ട് ശ്രദ്ധാപൂർവ്വം കുഴി മണ്ണിട്ട് മൂടി.

സമയം കടന്നുപോയി. രഹസ്യം സുരക്ഷിതമായിരുന്നോ? ഇല്ലല്ലോ! ക്ഷുരകന്റെ ഭാര്യ മണ്ണിട്ട് മൂടിയ കുഴിയിൽ ഒരു മുള വളർന്നു. വർഷങ്ങൾക്ക് ശേഷം, ആ മുളയുടെ തണ്ടു കൊണ്ട് ആരോ ഒരു ഓടക്കുഴൽ ഉണ്ടാക്കി. ഓടക്കുഴൽ നാദത്തിലൂടെ അ രഹസ്യം പുറത്തോട്ട് ഒഴുകി. ആ സംഗീതം കേട്ട എല്ലാവരും ആ പരമ രഹസ്യം അറിഞ്ഞു! പോരേ പൂരം!



കഥകളെക്കുറിച്ചുള്ള മറ്റൊരു കഥ കൂടി കേട്ടോളൂ.
ഇത് ആഫ്രിക്കയിൽ നിന്നുള്ളതാണ്.:

ഒരിക്കൽ ഒരു കുഞ്ഞൻ എലി ഉണ്ടായിരുന്നു. വീടുകളിൽ നുഴഞ്ഞു കയറി ചുമരിലെ വിള്ളലുകൾക്കുള്ളിൽ ഒളിച്ചിരുന്ന് വീട്ടുകാരുടെ കഥകൾ കേൾക്കാൻ കുഞ്ഞന് വളരെ ഇഷ്ടമായിരുന്നു, അങ്ങനെ കേൾക്കുന്ന കഥകളെല്ലാം കുഞ്ഞനെലി മരത്തിനടിയിൽ ഒരു പൊത്തുണ്ടാക്കി അതിനുള്ളിൽ ശ്രദ്ധാപൂർവ്വം സൂക്ഷിച്ചു.

തന്ത്രശാലിയായ ഒരു കുറുക്കൻ കുഞ്ഞനെലി കഥകൾ ഒളിച്ചു വയ്ക്കുന്നത് ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഒരു ദിവസം രാവിലെ, കുറുക്കൻ ആ പൊത്ത് കാലു കൊണ്ട് മാന്തി തുറന്നു. അമ്പമ്പോ! പൊത്തി ലുണ്ടായിരുന്ന കഥകൾ പേടിച്ചു വിറച്ചു! അവർ കുഴിയിൽ നിന്ന് എടുത്തു ചാടി നാലു വശത്തേക്കും ഓടി. അവർ പട്ടണങ്ങളിലേക്കും നാട്ടിൻപുറങ്ങളിലേക്കും കൃഷിയിടങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും നഗരങ്ങളിലേക്കും ഓടിക്കൊണ്ടേയിരുന്നു ...







അങ്ങനെ പണ്ടു പണ്ടു മുതലേ, ലോകമെമ്പാടും കഥകൾ ഓടിയോടി നടക്കുകയാണ് .

അവ നിങ്ങളുടെയും എന്റെയും പട്ടണത്തിലേക്ക് ഓടിക്കയറി വരുന്നു! നമ്മുടെ സുഹൃത്തുക്കൾക്കിടയിലേക്കും കുടുംബങ്ങൾക്കിടയിലേക്കും ഓടി വരുന്നു ! ഇതാ അവ നിങ്ങളുടെയും എന്റെയും നേരെയും ഓടി എത്തുന്നു!

അവയിൽ ചിലത് ഇതാ കെട്ടോളൂ .. രസിച്ചോളൂ..

Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar

Artist Uma Krishnaswamy

ആനയും നായും


കാശി രാജാവായ ബ്രഹ്മദത്തന് പ്രിയപ്പെട്ട ഒരു ആന ഉണ്ടായിരുന്നു. കൊട്ടാരത്തിലെ പാപ്പാനാണ് ഈ ആനയെ പരിപാലിച്ചിരുന്നത്.

ദിവസവും, പാപ്പാൻ ആനയ്ക്ക് ധാരാളം ആരോഗ്യപ്രദമായ ഭക്ഷണം നൽകി. രാവിലെയും വൈകുന്നേരവും ആനയെ കുളത്തിലേക്ക് കൊണ്ടുപോയി സ്നേഹപൂർവ്വം കുളിപ്പിച്ചു. അങ്ങിനെയിരിക്കെ ഒരു ദിവസം ഒരു ചെറിയ നായ ആനക്കൊട്ടിലിൽ വന്നു. ആന തനിക്കുള്ള ഭക്ഷണം നായയുമായി പങ്കിട്ടു. പിന്നീട് നായ എല്ലാ ദിവസവും തൊഴുത്തിലേക്ക് വരാൻ തുടങ്ങി.



പോകപ്പോകെ രണ്ട് മൃഗങ്ങളും നല്ല സുഹൃത്തുക്കളായി. അവർ ഒരുമിച്ച് ഭക്ഷണം കഴിച്ചു, ഒരുമിച്ച് കുളിച്ചു, ഒരുമിച്ച് കളിച്ചു. നായ ആനയുടെ തുമ്പിക്കൈയിൽ കയറും,ആന അതിനെ വായുവിൽ ചുഴറ്റി കളിപ്പിക്കും

ആന എന്നും നായയുടെ വരവും കാത്തിരിക്കും. നായ വന്നില്ലെങ്കിൽ ആന ഭക്ഷണം കഴിക്കില്ല. ആയിടക്ക് ഒരു ദിവസം പാപ്പാന് പണം അത്യാവശ്യമായി വന്നു. മറ്റു മാർഗം ഒന്നും ഇല്ലാത്തതിനാൽ അയാൾ ആ കുഞ്ഞു നായയെ വിറ്റു. പാവം നായയുടെ ഹൃദയം തകർന്നു. പക്ഷേ പാവം അതിന് എന്തുചെയ്യാൻ കഴിയും? അത് നിശബ്ദമായി പുതിയ യജമാനനെ പിന്തുടർന്നു.



വിവരം അറിഞ്ഞ ശേഷം ആന ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്യാതായായി! അത് കുളത്തിലേക്ക് പോകാതായി. എന്തിന് പറയുന്നു ആന തൊഴുത്തിൽ നിന്ന് പുറത്തിറങ്ങാൻ തന്നെ വിസമ്മതിച്ചു !

പാപ്പാൻ അതിന് കരിമ്പും വാഴപ്പഴവും മറ്റ് രുചികരമായ പലഹാരങ്ങളും നൽകി. പക്ഷേ ആന തല തിരിച്ചു, സ്വാദു നോക്കാന് പോലും അത് തയ്യാറായില്ല.

ഒരു ദിവസം ഇമ്മട്ടിൽ കടന്നുപോയി. ഒടുവിൽ പാപ്പാൻ രാജാവിനെ കണ്ട് അദ്ദേഹത്തിന്റെ പ്രിയപ്പെട്ട ആനയ്ക്ക് അസുഖമാണെന്ന് അറിയിച്ചു .

“ദയവായി ഒരു വൈദ്യരെ അയച്ചു തരാൻ കനിവുണ്ടാകണം!" പാപ്പാൻ രാജാവിനോട് അപേക്ഷിച്ചു.

രാജാവ് തന്റെ ഏറ്റവും ബുദ്ധിമാനായ മന്ത്രിയെ തന്നെ ആനയെ നോക്കാൻ അയച്ചു. മന്ത്രി തൊഴുത്തിൽ പോയി പരിശോധിച്ചു. "ആനയ്ക്ക് എന്തൊ പ്രശ്നമുണ്ട്, പക്ഷേ ആരോഗ്യപ്രശ്നമല്ല, മറ്റെന്തോ കുഴപ്പമാണെന്ന് തോന്നുന്നു." മന്ത്രി വിചാരിച്ചു.



മന്ത്രി ചുറ്റും കണ്ട ആളുകളോട് ചോദിച്ചപ്പോൾ അവർ പറഞ്ഞു, "ആനയ്ക്ക് ഒരു കൂട്ടുകാരൻ ഉണ്ടായിരുന്നു. ഒരു കുഞ്ഞു നായ. അവർ എപ്പോഴും കളിച്ചു ചിരിച്ചാണ് കഴിഞ്ഞിരുന്നത്"

"ഇപ്പോൾ നായ എവിടെ?" മന്ത്രി ചോദിച്ചു. "ഒരു അപരിചിതൻ അതിനെ കൊണ്ടുപോയി ," അവർ പറഞ്ഞു.

മന്ത്രിക്ക് കാര്യം പിടി കിട്ടി അദ്ദേഹം രാജാവിനെ അറിയിച്ചു, "അങ്ങയുടെ ആന ആരോഗ്യവാനാണ്. പക്ഷേ അതിന്റെ മനസ്സ് അസ്വസ്ഥമാണ്. അതിന് ഒരു സുഹൃത്ത് ഉണ്ടായിരുന്നു, ഒരു നായ. ആന ആ സുഹൃത്തിനെ കാണാത്ത വിഷമത്തിലാണ്.

"രാജാവ് ഉടൻ തന്നെ ചെണ്ടകൊട്ടുകാരെ വിളിച്ചു വിളംബരം ചെയ്യിച്ചു," രാജാവിന്റെ ആനക്കൊട്ടിലിൽ നിന്ന് നായയെ കൊണ്ടുപോയയാൾ ഉടൻ തന്നെ അതിനെ തിരികെ നൽകണം!" ഡും ഡും ഡും

വിവരം അറിഞ്ഞ നായയുടെ പുതിയ ഉടമ ഉടൻ തന്നെ അതിനെ തിരികെ എത്തിച്ചു. നായ നേരെ ആനയുടെ അടുത്തേക്ക് ഓടി!

അവർ പരസ്പരം കണ്ടതിൽ ഏറെ സന്തോഷിച്ചു! ആനയുടെ കണ്ണുകളിൽ നിന്ന് സന്തോഷാശ്രുക്കൾ ഒഴുകി. അത് തുമ്പിക്കൈ കൊണ്ട് നായയെ ഉയർത്തി സ്വന്തം തലയിൽ കയറ്റി വച്ചു.

അതിനിടയിൽ പാപ്പാൻ രുചികരമായ ഭക്ഷണവുമായി ഓടി വന്നു. പക്ഷേ ആന കഴിച്ചില്ല! പാപ്പാൻ പലമട്ടിൽ പ്രലോഭിപ്പിച്ചിട്ടും ആന കഴിഞ്ഞില്ല!

തന്റെ കൂട്ടുകാരൻ നായ ഭക്ഷണം കഴിച്ചതിനുശേഷം മാത്രമേ ആന ഭക്ഷണം കഴിക്കാൻ തുടങ്ങിയുള്ളൂ.

ഭക്ഷണം കഴിഞ്ഞപ്പോൾ, രണ്ട് സുഹൃത്തുക്കളും ഒത്തിരി നേരം ഒരുമിച്ച് കളിച്ചു.

ഒരു ജാതക കഥ



Publisher Rajalakshmi Srinivasan Memorial Foundation


P. Saraswati V. Vijayakanthi

Malayalam K. K. Krishnakumar

L. S. Saraswathi S. Rajalakshmi

Artist Uma Krishnaswamy


ഒമ്പതോ? പത്തോ




ഒരിക്കൽ ഒരു വ്യാപാരി തന്റെ പത്ത് ഒട്ടകങ്ങളുമായി മരുഭൂമിയിലൂടെ ഒരു യാത്ര ആരംഭിച്ചു. അയാൾ ഏറ്റവും മുന്നിലുള്ള ഒട്ടകത്തിന്റെ പുറത്തു കയറി, മറ്റുള്ളവ അനുഗമിച്ചു .

കുറച്ചു കഴിഞ്ഞപ്പോൾ അയാൾക്കൊരു സംശയം, "എല്ലാ ഒട്ടകങ്ങളും എന്നെ പിന്തുടരുന്നുണ്ടോ?" അയാൾ തിരിഞ്ഞു നോക്കി എണ്ണി: "ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, എട്ട്, ഒമ്പത്.... ഓ, ഇല്ല! ഒരു ഒട്ടകത്തെ കാണുന്നില്ല!"

വ്യാപാരി താഴേക്ക് ചാടി ചുറ്റും തിരഞ്ഞു.




പക്ഷേ കാണാതായ ഒട്ടകത്തിന്റെ ഒരു തുമ്പും ലഭിച്ചില്ല. "ഒരുപക്ഷേ എനിക്ക് തെറ്റ് പറ്റിക്കാണും" അയാൾ ചിന്തിച്ചു. “ഒന്നു കൂടി എണ്ണി നോക്കാം... ഒന്ന്, രണ്ട്, മൂന്ന്, നാല്. ..."



ഇത്തവണ പത്ത് ഒട്ടകങ്ങളും അവിടെ ഉണ്ടായിരുന്നു! എന്തൊരു ആശ്വാസം! വ്യാപാരി ഒട്ടകപ്പുറത്തു കയറി യാത്രാസംഘത്തെ മുന്നോട്ട് നയിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അയാൾ വീണ്ടും തിരിഞ്ഞുനോക്കി. വീണ്ടും സംശയം

ഓ, ഇല്ല! ഇത്തവണ വീണ്ടും ഒമ്പത് ഒട്ടകങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ!



വ്യാപാരി ആശയക്കുഴപ്പത്തിലായി. ഒട്ടകങ്ങളുടെ എണ്ണം മാറിക്കൊണ്ടിരിക്കുന്നത് എന്തുകൊണ്ടായിരുന്നു? വീണ്ടും അയാൾ ഇറങ്ങി ചുറ്റും തിരഞ്ഞു. കാണാതായ ഒട്ടകത്തെ കണ്ടെത്താനായില്ല. ക്ഷീണിച്ച് അവശനായി അയാൾ യാത്രാസംഘത്തിലേക്ക് മടങ്ങി.

പിന്നെ അയാൾ ചിന്തിച്ചു," എണ്ണിയപ്പോൾ തെറ്റിയോ ?ഒന്ന്, രണ്ട്, മൂന്ന്, നാല്...." ആശ്ചര്യം! ഇതാ പത്ത് ഒട്ടകങ്ങളും സുരക്ഷിതമായിരുന്നു! "ഓ!"അയാൾ ഉറക്കെ കൂവി ,"ഈ കൊടും ചൂടിൽ എന്റെ തല കറങ്ങുന്നേ" .

അയാൾ ക്ഷീണിതനായി വീണ്ടും ഒട്ടകപ്പുറത്ത് കയറി. വീണ്ടും യാത്രാസംഘത്തെ മരുഭൂമിയിലേക്ക് നയിച്ചു. പക്ഷേ ഇപ്പോളും അയാളുടെ മനസ്സിന് വിശ്രമിക്കാൻ കഴിഞ്ഞില്ല.

"അവസാനമായി ഒരിക്കൽ കൂടി എണ്ണട്ടെ!" അയാൾ ചിന്തിച്ചു. എന്നിട്ട് വീണ്ടും എണ്ണി. വീണ്ടും ഒമ്പത് ഒട്ടകങ്ങൾ മാത്രം!






"എന്തുകൊണ്ടാണ് ആ ഒരു ഒട്ടകത്തെ കാണാതെ പോകുന്നത്?" മൂപ്പർ മരുഭൂമിയിലെ വായുവിനോട് ചോദിച്ചു. പക്ഷേ ഉത്തരമൊന്നും ലഭിച്ചില്ല!

വ്യാപാരി നിർത്തി. "ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, എട്ട്, ഒമ്പത്, പത്ത്" എന്ന് എണ്ണിക്കൊണ്ട് അയാൾ ഒട്ടകങ്ങളുടെ നിരയിലൂടെ നടന്നു. പിന്നീട് തിരികെ നടന്നു: "ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, എട്ട്, ഒമ്പത്, പത്ത്."

ഒടുവിൽ തൃപ്തനായി അയാൾ പ്രഖ്യാപിച്ചു: "ഞാൻ സവാരി ചെയ്യുമ്പോഴെല്ലാം ഒരു ഒട്ടകത്തെ കാണാതാവുന്നു. പക്ഷേ ഞാൻ നടക്കുമ്പോൾ, പത്ത് പേരും സുരക്ഷിതരായിരിക്കും." അതുകൊണ്ട് ഇനി മുതൽ ഞാൻ കുതിരപ്പുറത്ത് കയറുന്നില്ല ." അയാൾ ഒട്ടകങ്ങളെ നോക്കി പ്രഖ്യാപിച്ചു "ഇനി മുതൽ ഞാനും നിങ്ങളോടൊപ്പം നടക്കും!"

എന്നിട്ട് വ്യാപാരി യാത്രാസംഘത്തെ,നയിച്ചു കൊണ്ട് കത്തുന്ന വെയിലിൽ മരുഭൂമിയിലൂടെ മുന്നോട്ടു നടന്നു.:



Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar

Artist Uma Krishnaswamy

മാജിക് പെൻസിൽ

ദൂരെ ദൂരെ ഒരു ചെറു ഗ്രാമത്തിൽ ഒരു മിടു മിടുക്കൻ താമസിച്ചിരുന്നു. അവന് ചിത്രം വരയ്ക്കാൻ വലിയ ഇഷ്ടമായിരുന്നതിനാൽ എല്ലാവരും അവനെ "ആർട്ടിക്കുട്ടൻ" എന്ന് വിളിച്ചു.

ആർട്ടിക്കുട്ടൻ കാണുന്നിടത്തൊക്കെ ചിത്രം വരച്ചു. നിലത്ത് ചിത്രങ്ങൾ വരയ്ക്കാൻ അവൻ കല്ലുകളും വടികളും കൂർപ്പിച്ചെടുത്തു. ഗ്രാമത്തിന് ചുറ്റുമുള്ള എല്ലാ വഴികളിലും ആർട്ടിയുടെ ചിത്രങ്ങൾ നിറഞ്ഞിരുന്നു!

ഒരു ദിവസം അവൻ ആലോചനയിൽ മുഴുകി ഇരിക്കുകയായിരുന്നു.


പെട്ടെന്ന് അവൻ ഓർത്തു: "ഒരു പെൻസിൽ കിട്ടിയിരുന്നെങ്കിൽ മനോഹരമായ എത്രയെത്ര ചിത്രങ്ങൾ വരക്കാം!" പെട്ടെന്ന് എവിടെ നിന്നോ താടിക്കാരനായ ഒരു വൃദ്ധൻ അവന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. വൃദ്ധൻ അവന് ഒരു പെൻസിൽ കൊടുത്തു.



"നിന്റെ ചിത്രങ്ങൾ ദരിദ്രർക്ക് മാത്രമേ നൽകാവൂ കെട്ടോ!," ഇത്രയും പറഞ്ഞു കൊണ്ട് വൃദ്ധൻ നിന്നനിൽപ്പിൽ അപ്രത്യക്ഷനായി.

ആർട്ടിക്കുട്ടൻ അതിയായി സന്തോഷിച്ചു. അവൻ പുതിയ പെൻസിൽ കൊണ്ട് ഒരു കോഴിയെ വരച്ചു. അത്ഭുതം! വരച്ചു കഴിഞ്ഞതും ചിത്രം ഒരു യഥാർത്ഥ കോഴിയായി മാറി! പിന്നെ അവൻ ഒരു പൂച്ചയെ വരച്ചു. ചിത്രം ഒരു യഥാർത്ഥ പൂച്ചയായി മാറി! പെട്ടെന്ന് ആർട്ടിക്കുട്ടന് മനസ്സിലായി. അവന് കിട്ടിയ പുതിയ പെൻസിൽ ഒരു മാന്ത്രിക പെൻസിലായിരുന്നു!


ആർട്ടിക്കുട്ടൻ ഒരു പന്ത് വരച്ചു, അത് പേജിൽ നിന്ന് പുറത്തേക്ക് ചാടി. അവൻ സമീപത്ത് താമസിച്ചിരുന്ന കുട്ടികൾക്ക് പന്ത് നൽകി. പിന്നീട് അവൻ നോട്ട്ബുക്ക്, പമ്പരം, ഷർട്ട്, പൂവ്, പഴം എന്നിവയെല്ലാം വരച്ചു. അവയെല്ലാം യാഥാർത്ഥ്യമായി. അവൻ അതെല്ലാം പാവപ്പെട്ട കുട്ടികൾക്ക് കൊടുത്തു.



ഇപ്പോൾ ആർട്ടിക്കുട്ടന് ഒരിക്കലും വിശ്രമമേയില്ല, ഒരു മിനിറ്റ് പോലും! അവൻ നിറുത്താതെ വരച്ചു. എന്നും നേരിയ വെളിച്ചമെങ്കിലും അവശേഷിക്കും വരെ അവൻ വരയ്ക്കുമായിരുന്നു. ദരിദ്രർ അവന്റെ അരികിൽ വന്നപ്പോൾ, അവർ ആവശ്യപ്പെടുന്നതെന്തും അവൻ വരച്ചു കൊടുത്തു. ആഹാരവും പാർപ്പിടവും വസ്ത്രങ്ങളും എല്ലാം. അവൻ ഒരിക്കലും വര നിർത്തിയില്ല!

താമസിയാതെ നാട്ടിലെ രാജാവ് മാന്ത്രിക പെൻസിലിനെക്കുറിച്ച് കേട്ടു. അദ്ദേഹം ആർട്ടിക്കുട്ടനെ വിളിച്ചുവരുത്തി, "സ്വർണ്ണ നാണയങ്ങൾ കായ്ച്ചു നിൽക്കുന്ന ഒരു മരം എനിക്ക് വേണ്ടി വരയ്ക്കൂ" എന്ന് ആജ്ഞാപിച്ചു. എന്നാൽ ആർട്ടി നിരസിച്ചു, "രാജാവേ! ഞാൻ ദരിദ്രർക്ക് വേണ്ടി മാത്രമേ വരയ്ക്കൂ. താങ്കൾക്ക് വേണ്ടി സ്വർണ മരം വരയ്ക്കാൻ സാധ്യമല്ല!" ആർടിക്കുട്ടൻ ഉറപ്പിച്ചു പറഞ്ഞു.

രാജാവ് കുപിതനായി. "അവനെ തുറുങ്കിൽ അടക്കുവിൻ!" അദ്ദേഹം കിങ്കരന്മാരോട് ഉത്തരവിട്ടു .



രാജകിങ്കരന്മാർ ആർട്ടിക്കുട്ടനെ ജയിലറയിൽ പൂട്ടിയിട്ടു . പക്ഷേ അവനുണ്ടോ അവിടെ നിശബ്ദമായി ഇരിക്കുന്നു? അവനാരാ മോൻ! അവൻ തന്റെ മാന്ത്രിക പെൻസിൽ പുറത്തെടുത്ത് ഒരു താക്കോലിന്റെ ചിത്രം വരച്ചു. അത് യഥാർഥ താക്കോലായി. എന്നിട്ട് ആ താക്കോൽ കൊണ്ട് ജയിലറ തുറന്ന് പൊട്ടിച്ചിരിച്ചുകൊണ്ട് അവൻ പുറത്തേക്ക് കടന്നു! എന്നിട്ട് സ്വതന്ത്രനായി മുന്നോട്ടു നടന്നകന്നു!

ഒരു മലേഷ്യൻ കഥ



Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar

Artist Uma Krishnaswamy



05

കുരങ്ങന്മാരുടെ തോട്ടപ്പണി

ഒരിക്കൽ ഒരു രാജാവ് തന്റെ നാട്ടിലെ എല്ലാ ജനങ്ങൾക്കും അവധി പ്രഖ്യാപിച്ചു. കൊട്ടാരത്തിലെ അവശ്യ ജോലിക്കാർക്കു പോലും അവധി നൽകി. എല്ലാവരും തിരക്കിട്ട് ജോലി പൂർത്തിയാക്കി, സമ്മാനങ്ങൾ വാങ്ങി, ബാഗുകൾ പായ്ക്ക് ചെയ്തു. വീട്ടിൽ പോകാൻ തയ്യാറായി. താമസിയാതെ കൊട്ടാരത്തിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് ശൂന്യമായി.

കൊട്ടാരത്തിലെ തോട്ടക്കാരൻ മാത്രം മടിച്ചു നിന്നു "ഞാൻ പോയാൽ, ചെടികളെല്ലാം ഉണങ്ങിപ്പോവില്ലേ." അയാൾ ആലോചിച്ചു. അതേ സമയം തന്റെ കുടുംബത്തെ കാണാൻ അയാളുടെ മനസ്സ് കൊതിക്കുന്നുമുണ്ടായിരുന്നു! എന്തു ചെയ്യും. എന്തെങ്കിലും വഴിയുണ്ടാകാം....അയാൾ സ്വയം സമാധാനിച്ചു.

രാജാവിന്റെ തോട്ടത്തിൽ ഒരു കൂട്ടം കുരങ്ങുകൾ താമസിച്ചിരുന്നു. തോട്ടക്കാരൻ കുരങ്ങന്മാരുടെ നേതാവിനെ ചെന്നു കണ്ട് ഇപ്രകാരം പറഞ്ഞു:






"നിങ്ങളെല്ലാവരും പൂന്തോട്ടത്തിൽ സ്വതന്ത്രമായി, സന്തോഷത്തോടെ കഴിയുകയല്ലേ? നിങ്ങൾ മരങ്ങൾക്കിടയിൽ ആടുന്നു, ചാടുന്നു, രുചികരമായ പഴങ്ങൾ കഴിക്കുന്നു, ഇഷ്ടാനുസരണം കളിക്കുന്നു, ആട്ടെ നിങ്ങൾ എനിക്ക് വേണ്ടി ഒരു ഉപകാരം ചെയ്യുമോ?"

"സംശയമെന്താ സന്തോഷത്തോടെ ചെയ്യാമല്ലോ!" മൂത്ത കുരങ്ങൻ പറഞ്ഞു.

"ഞാൻ എന്റെ കുടുംബത്തെ സന്ദർശിക്കാൻ നാട്ടിൽ പോകുന്നു," തോട്ടക്കാരൻ പറഞ്ഞു. "ഞാൻ പോകുന്ന സമയത്ത് നിങ്ങൾ ദയവായി ചെടികൾക്ക് വെള്ളം നനക്കാമോ?."

എല്ലാ കുരങ്ങുകളും ചുറ്റും കൂടി. അവർ ഒന്നിച്ചു പറഞ്ഞു "തീർച്ചയായും! ഞങ്ങൾ അത് ചെയ്യാം"



തോട്ടക്കാരൻ അവരോട് നന്ദി പറഞ്ഞു, "ചെടികൾക്ക് ആവശ്യത്തിന് വെള്ളം മാത്രം കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം..വെള്ളം ആവശ്യത്തിൽ കുറയരുത്, കൂടാനും പാടില്ല" കുരങ്ങുകൾ അപ്രകാരം ചെയ്യാമെന്ന് വാഗ്ദാനം ചെയ്തു, അങ്ങനെ തോട്ടക്കാരൻ സന്തോഷത്തോടും സമാധാനത്തോടും കൂടി ഗ്രാമത്തിലേക്ക് പുറപ്പെട്ടു.

അന്ന് വൈകുന്നേരം, കുരങ്ങുകൾ വെള്ളമൊഴിക്കുന്ന പാത്രങ്ങൾ ശേഖരിച്ച് ചെടികൾ നനക്കാൻ തുടങ്ങി. "ഓരോ ചെടിക്കും ആവശ്യത്തിന് വെള്ളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക", മൂത്ത കുരങ്ങൻ മറ്റു കുരങ്ങന്മാരെ ഓർമ്മിപ്പിച്ചു.

"ആവശ്യത്തിനു വെള്ളം എന്നാൽ എത്രയാ?" ഒരു ചെറിയ കുരങ്ങൻ സംശയം ചോദിച്ചു.


മൂത്ത കുരങ്ങൻ കുറച്ചുനേരം ചിന്തിച്ചു. എന്നിട്ട് പറഞ്ഞു, "ഓരോ ചെടിയും പറിച്ചെടുത്ത് അതിന്റെ വേരുകൾ നോക്കണം. എന്നിട്ട് നീളൻ വേരുകളുള്ള ചെടികൾക്ക് കൂടുതൽ വെള്ളവും ചെറിയ വേരുകളുള്ള ചെടികൾക്ക് കുറച്ച് വെള്ളവും നനച്ചാൽ മതി."



അങ്ങനെ കുരങ്ങുകൾ പൂന്തോട്ടത്തിൽ ചുറ്റിനടന്ന് എല്ലാ ചെടികളും പിഴുതെടുത്തു. ഏതാണ്വേരിന് നീളമുള്ളതെന്നും ഏതാണ് നീളം കുറഞ്ഞതെന്നും അറിയാൻ അവർ എല്ലാ വേരുകളിലേക്കും നോക്കി. താമസിയാതെ അവർ: “ഞാൻ പറിച്ച വേരിനാണ് കൂടുതൽ നീളം!" "അല്ല, ഞാൻ പറിച്ചത് അതിലും നീളമുള്ളതാണ്!" എന്നിങ്ങനെ പരസ്പരം തർക്കിക്കാനും പോരാടിക്കാനും തുടങ്ങി അതിനിടയിൽ ഏറ്റെടുത്ത ജോലി എല്ലാവരും മറന്നുപോയി!

തോട്ടക്കാരൻ തിരിച്ചെത്തിയപ്പോൾ, ഭയാനകമായ കാഴ്ചയാണ് കണ്ടത്. അവൻ സ്നേഹപൂർവ്വം പരിപാലിച്ച സസ്യങ്ങളെല്ലാം നിലത്ത് ചിതറിക്കിടന്നു, അവയെല്ലാം ഉണങ്ങി നശിച്ചു കഴിഞ്ഞിരുന്നു. .

ഒരു ജാതക കഥ



Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar

Artist Uma Krishnaswamy

പാതി നിനക്കും പാതി എനിക്കും

06

ഒരിടത്ത് ഒരു കർഷകന് വനത്തിനടുത്ത് ഒരു ഒഴിഞ്ഞ വയലുണ്ടായിരുന്നു. അയാൾ അതിൽ നിലക്കടല വിതയ്ക്കാൻ തീരുമാനിച്ചു. മണ്ണ് ഉഴുത് ഒരുക്കിയ ശേഷം നിലക്കടല നട്ടു, നന്നായി നനച്ചു, കള പറിച്ചു., എന്നിട്ട് വിള പാകമാകുന്നതും കാത്തിരുന്നു. ഇതെല്ലാം സൂക്ഷ്മമായി നോക്കിക്കൊണ്ട് അകലെ ഒരാൾ ഇരിപ്പുണ്ടായിരുന്നു. ആരാണെന്ന് അറിയാമോ? കാട്ടിലുള്ള ഒരു കരടി!

അങ്ങിനെയിരിക്കെ ഒരു ദിവസം കരടി കർഷകന്റെ അടുത്തേക്ക് വന്ന് പറഞ്ഞു:





"എടോ കർഷകാ! ഞാൻ നിന്നെ തിന്നാൻ പോകുന്നു!" ഇത്രയും പറഞ്ഞ ശേഷം കരടി കർഷകനെ അടിക്കാൻ ബലിഷ്ഠമായ കൈ ഉയർത്തി!

കർഷകൻ ഭയന്ന് വിറച്ചു. പക്ഷേ അയാൾ പെട്ടെന്ന് ചിന്തിച്ച് മറുപടി പറഞ്ഞു,"സർ.. സർ മിസ്റ്റർ കരടി സർ! ദയവായി എന്നെ തിന്നരുത്! എന്റെ നിലക്കടല വിളഞ്ഞു പാകമാകുമ്പോൾ, ഞാൻ അതിന്റെ പകുതി താങ്കളുമായി പങ്കിടാം."

കരടി അടിക്കാൻ ഓങ്ങിയ കൈ താഴ്ത്തി. എന്നിട്ട് മുരണ്ടു: “എന്താ എന്താ. വിശദമായി പറ.”

"ഓരോ ചെടിയുടെയും വേര് ഭാഗം മാത്രം ഞാൻ എടുക്കും, മുകൾ ഭാഗം മുഴുവനും താങ്കൾക്കെടുക്കാം," കർഷകൻ പറഞ്ഞു.

ദൈവത്തിന് സ്തുതി! കർഷകൻ പറഞ്ഞത് കരടിക്ക് സമ്മതമായി. വിളവെടുപ്പിനായി കാത്തിരിക്കാൻ സമ്മതിച്ചുകൊണ്ട് മൂപ്പർ കാട്ടിലേക്ക് തിരികെ പോയി.

കർഷകൻ വയലിൽ കഠിനാധ്വാനം ചെയ്തു. നിലക്കടലച്ചെടികൾ തഴച്ചു വളർന്നു. കർഷകന് മികച്ച വിളവ് കിട്ടി .

വിളവെടുപ്പ് കഴിഞ്ഞപ്പോൾ കരടി തന്റെ വീതം എടുക്കാൻ വന്നു. നേരത്തെ വാഗ്ദാനം ചെയ്തതുപോലെ, കർഷകൻ ചെടികളുടെ മുകൾ ഭാഗം മുഴുവൻ കരടിക്ക് നൽകി.

അതിനു ശേഷം കർഷകൻ നിലക്കടല വണ്ടിയിൽ കയറ്റിത്തുടങ്ങി. പക്ഷേ അയാൾ പുറപ്പെടാൻ തുടങ്ങും മുമ്പ് പിന്നിൽ നിന്ന് കരടി അലറി: "നിർത്ത്! നിർത്ത്! എനിക്ക് കുറച്ച് വേരുകൾ താ. എനിക്കത് രുചിച്ചു നോക്കണം."

സമ്മതിക്കുകയല്ലാതെ കർഷകന് മറ്റ് മാർഗമില്ലായിരുന്നു. അയാൾ കരടിക്ക് കുറച്ച് നിലക്കടല കൊടുത്തു.

കരടി കുറച്ചു നിലക്കടല ചവച്ചു തിന്ന ശേഷം മുരണ്ടു, "ഈ വേരുകൾക്ക് നല്ല രുചിയുണ്ടല്ലോ. നിങ്ങൾ എനിക്ക് തന്ന ഇലകൾക്കും തണ്ടുകൾക്കും ഒരു രുചിയുമില്ല. അവയ്ക്ക് കയ്പ്പാണ്.. നിങ്ങൾ എന്നെ ചതിച്ചു!" കരടി വീണ്ടും കർഷകന്റെ നേർക്ക് കൈ ഉയർത്തി

"സർ, സർ കരടി സർ!" കർഷകൻ കൈ കൂപ്പിക്കൊണ്ടു പറഞ്ഞു. "ദയവായി ദേഷ്യപ്പെടരുതേ! ഞാൻ മറ്റൊരു വിള കൃഷി ചെയ്യാം. അതിന്റെ വിളവെടുക്കുമ്പോൾ വേരുകൾ അങ്ങേക്ക് എടുക്കാം, എനിക്ക് മുകൾ ഭാഗം മാത്രം മതി ," അദ്ദേഹം വാഗ്ദാനം ചെയ്തു.

ദൈവത്തിന് സ്തുതി! കരടിക്കു സമ്മതമായി. വിളവെടുപ്പ് വരെ കാത്തിരിക്കാൻ സമ്മതിച്ച് കരടി മൂപ്പര് തിരികെ പോയി.

ഇത്തവണ നടീൽ കാലം വന്നപ്പോൾ, കർഷകൻ തന്റെ വയലിൽ ചോളം വിതച്ചു. അവൻ കഠിനാധ്വാനം ചെയ്തു, ചോളം നല്ല ഉയരത്തിൽ തഴച്ചു വളർന്നു. കരടി അതിന്റെ പങ്ക് ചോദിച്ചു വീണ്ടും വയലിൽ എത്തി. കർഷകൻ വാഗ്ദാനമനുസരിച്ച് അതിന് വേരുകൾ നൽകി. എന്നിട്ട് ചോളക്കുലകൾ വണ്ടിയിൽ കയറ്റി അതി വേഗം സ്ഥലം വിട്ടു.



കരടി ചോളച്ചെടിയുടെ വേരുകൾ രുചിച്ചു നോക്കി. "അയ്യേ.!.ഇതിനു ഒരു രുചിയുമില്ല. തനി തല്ലിപ്പൊളി!" അത് ദേഷ്യത്തോടെ മുരണ്ടു. "അവൻ എന്നെ വീണ്ടും ചതിച്ചു! അവൻ എന്നെങ്കിലും തിരിച്ചു വന്നാൽ, ഞാൻ അവനെ ശരിക്കുമൊരു പാഠം പഠിപ്പിക്കും!" പക്ഷേ ബുദ്ധിമാനായ ആ കർഷകൻ എപ്പോഴെങ്കിലും തിരിച്ചുവരുമോ?!



Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar

Artist Uma Krishnaswamy

വീടുമാറ്റം

ഒരിക്കൽ ഒരു ധനികൻ വൻ നഗരത്തിലെ ജോലിയിൽ നിന്ന് വിരമിക്കാൻ തീരുമാനിച്ചു. എന്നിട്ട് അയാൾ ഒരു കൊച്ചു ഗ്രാമത്തിൽ മനോഹരമായ ഒരു ബംഗ്ലാവ് വാങ്ങി അവിടെ താമസമാക്കി. വീട് മാറിയതിനുശേഷം, ഗ്രാമത്തിലെ സമാധാനവും നിശ്ശബ്ദതയും ആസ്വദിച്ചു കൊണ്ട് അദ്ദേഹം തന്റെ പുതിയ വീടിന്റെ വരാന്തയിൽ ഇരുന്നു. പക്ഷേ പെട്ടെന്ന് കാര്യങ്ങൾ മാറി മറിഞ്ഞു.

പിറ്റേന്ന് രാവിലെ തന്നെ, അദ്ദേഹത്തിന്റെ സമാധാനം പൂർണമായും തകർന്നു! എന്താണ് കാരണം എന്ന് അറിയേണ്ടേ?!



ധനികന്റെ ബംഗ്ലാവിന്റെ ഇടതുവശത്ത് ഒരു കൊല്ലന്റെ ആലയും വലതുവശത്ത് ആശാരിയുടെ പണിപ്പുരയും ഉണ്ടായിരുന്നു.

ദിവസം മുഴുവൻ, കൊല്ലന്റെ ചുറ്റിക ഇരുമ്പിൽ അടിക്കുന്ന ഠേ ഠേ ഠേ .. ഡിം ഡിം ഡിം ശബ്ദം മുഴങ്ങിക്കൊണ്ടിരുന്നു. അപ്പുറത്താണെങ്കിൽ, ആശാരിയുടെ ഈർച്ചവാൾ ശ് ശ് ശൂ ശൂ ശ് ശൂ എന്നിങ്ങനെ സീൽക്കാരം മുഴക്കിക്കൊണ്ടിരുന്നു..

കാതടപ്പിക്കുന്ന ഈ ശബ്ദങ്ങൾ ധനികന്റെ കാതിലേക്ക് തുളച്ചു കയറി. അയാൾക്കു അൽപം പോലും വിശ്രമിക്കാനോ ഉറങ്ങാനോ കഴിഞ്ഞില്ല. അയാളുടെ സ്ഥിതി ഏറെ ദയനീയമായിരുന്നു.

തീരെ സഹിക്കാൻ കഴിയാത്ത വന്ന ഒരു ദിവസം അയാൾ ആശാരിയെയും കൊല്ലനേയും വീട്ടിലേക്ക് വിളിച്ചു വരുത്തി. അവർ ധനികന്റെ മുന്നിൽ ആദരവോടെ നിന്നു.




അയാൾ അവരോട് പറഞ്ഞു, "നിങ്ങളുടെ വീടുകളിൽ നിന്ന് ഏതു നേരവും വളരെ ഉച്ചത്തിൽ ശബ്ദം പുറപ്പെടുന്നതിനാൽ എനിക്ക് വിശ്രമിക്കാനോ ഉറങ്ങാനോ കഴിയുന്നില്ല."

"ഞങ്ങൾക്ക് ശരിക്കും വിഷമമുണ്ട്, സർ," അവർ മറുപടി പറഞ്ഞു. "പക്ഷേ എന്തുചെയ്യാൻ കഴിയും? ഞങ്ങൾ വളരെ ദരിദ്രരാണ്, ജോലി ചെയ്യാതെ കുടുംബം പോറ്റാനാവില്ലല്ലോ!"

"ദയവായി നിങ്ങൾ താമസിക്കുന്ന വീടുകൾ മാറുക," ധനികൻ അവരോട് ആഭ്യർഥിച്ചു, അവർക്ക് നല്ലൊരു തുക പ്രതിഫലം നൽകാമെന്നും അയാൾ വാഗ്ദാനം ചെയ്തു. കൊല്ലനും ആശാരിയും വീട് മാറാം എന്നു സമ്മതിച്ച് സന്തോഷത്തോടെ മടങ്ങി.

കൊല്ലനും ആശാരിയും തങ്ങളുടെ പണി ഉപകരണങ്ങളും വീട്ടുസാധനങ്ങളും വണ്ടികളിൽ കയറ്റുന്നത് കണ്ടപ്പോൾ ധനികൻ ഏറെ സന്തോഷിച്ചു. "എന്തൊരു ആശ്വാസം!," അയാൾ ചിന്തിച്ചു. "ഇനി എനിക്ക് സമാധാനമായി ഉറങ്ങാൻ കഴിയും." അയാൾ നേരത്തെ ഉറങ്ങാൻ കിടന്നു.



എന്നാൽ അടുത്ത ദിവസം വീണ്ടും അതേ കാതടപ്പിക്കുന്ന ശബ്ദങ്ങൾ കേട്ടാണ് അയാൾ ഉണർന്നത്! എന്തു പറ്റി? അയാൾ അന്തം വിട്ടിരുന്നു! എന്താണ് സംഭവിക്കുന്നത് എന്നറിയാൻ അയാൾ തന്റെ ജോലിക്കാരനെ പുറത്തേക്ക് അയച്ചു.

ജോലിക്കാരൻ വിവരം അന്വേഷിച്ച് ഓടി വന്ന് അയാളോട് പറഞ്ഞു "യജമാനേ! കൊല്ലനും ആശാരിയും അവരുടെ വീടുകൾ മാറി. പക്ഷേ കൊല്ലൻ ആശാരിയുടെ വീട്ടിലേക്കും, ആശാരി കൊല്ലന്റെ വീട്ടിലേക്കുമാണ് താമസം മാറിയത്!"

ഒരു കൊറിയൻ കഥ



© Katha Jharna 2008

P. Saraswati V. Vijayakanthi


L. S. Saraswathi S. Rajalakshmi

Publisher Rajalakshmi Srinivasan Memorial Foundation


Malayalam K. K. Krishnakumar

Artist Uma Krishnaswamy

ആരുടെ പക്ഷി ?



അതൊരു മനോഹരമായ പ്രഭാതമായിരുന്നു. പൂന്തോട്ടം പൂത്തുലഞ്ഞു. മരക്കൊമ്പുകളിൽ പക്ഷികൾ ആഹ്ളാദത്തോടെ ചിലച്ചും പാടിയും ഇരുന്നു. സിദ്ധാർത്ഥ രാജകുമാരൻ പൂക്കളുടെ സുഗന്ധം ആസ്വദിച്ചു കൊണ്ട് പൂന്തോപ്പിലൂടെ നടന്നു



പെട്ടെന്ന് പക്ഷികൾ പാട്ട് നിർത്തി. അവ നിലവിളിക്കാനും ചിറകിട്ടലയ്ക്കാനും തുടങ്ങി. "എന്തു പറ്റി? എന്താണുണ്ടായത്?" രാജകുമാരൻ ആശ്ചര്യപ്പെട്ടു.



ആ നിമിഷം ആകാശത്ത് നിന്ന് ഒരു അരയന്നപ്പക്ഷി താഴെ വീണു! അത് സിദ്ധാർത്ഥന്റെ കാലിനരുകിലാണ് പതിച്ചത്. അതിന്റെ ശരീരത്തിൽ ഒരു അമ്പ് തുളച്ചുകയറിയിരുന്നു. പാവം പക്ഷി വേദനകൊണ്ട് പുളഞ്ഞു. അത് ഭയത്താൽ വിറയ്ക്കുന്നുണ്ടായിരുന്നു!

സിദ്ധാർത്ഥൻ പക്ഷിയെ എടുത്തു മടിയിൽ വച്ചു. എന്നിട്ട് ശ്രദ്ധാപൂർവ്വം അമ്പ് അതിന്റെ ശരീരത്തിൽ നിന്ന് പുറത്തെടുത്തു. മുറിവിൽ മരുന്ന് പുരട്ടി. വിരലുകൾ കൊണ്ട് മൃദുവായി അതിനെ തലോടി. പാവം പക്ഷിയുടെ വേദന കുറഞ്ഞു. അത് ശാന്തമായി. വിറയൽ നിലച്ചു.

ആ സമയത്ത് സിദ്ധാർത്ഥന്റെ സഹോദരൻ ദേവദത്തൻ അവിടേക്ക് ഓടിവന്നു. സിദ്ധാർത്ഥന്റെ മടിയിൽ കിടക്കുന്ന അരയന്നത്തെ ചൂണ്ടി ദേവദത്തൻ പറഞ്ഞു "ആ പക്ഷിയെ എനിക്ക് തരൂ, അത് എന്റേതാണ്!"



സിദ്ധാർത്ഥൻ മറുപടി പറഞ്ഞു,"അല്ല..ല്ല! ഈ പക്ഷി എന്റേതാണ്. അതിനെ രക്ഷിച്ചത് ഞാനാണ്." സിദ്ധാർഥൻ അരയന്നത്തെ നെഞ്ചോട് ചേർത്തുപിടിച്ച് കൊട്ടാരത്തിലേക്ക് നടന്നു. ദേവദത്തൻ അവനെ പിന്തുടർന്നു.

രണ്ട് സഹോദരന്മാരും പിതാവായ രാജാവിന്റെ അടുത്തേക്ക് പോയി. "സിദ്ധാർത്ഥൻ എന്റെ പക്ഷിയെ എനിക്ക് തരുന്നില്ല" ദേവദത്തൻ പരാതിപ്പെട്ടു.

സിദ്ധാർത്ഥൻ മറുപടി പറഞ്ഞു,"അച്ഛാ, ദേവദത്തൻ അമ്പെയ്ത് പക്ഷിയെ മുറിവേൽപ്പിച്ചു. അത് നിലത്തു വീണു. ഞാൻ മരുന്ന് പുരട്ടി അതിന്റെ ജീവൻ രക്ഷിച്ചു. അതിനാൽ, പക്ഷി എന്റേതാണ്."



"ഞാനാണ് ഈ അരയന്നത്തെ ആദ്യമായി കണ്ടത്!" ദേവദത്തൻ പറഞ്ഞു. "അതുകൊണ്ട്, അത് എന്റേതാണ്."

രാജാവ് കുറച്ചുനേരം ചിന്തിച്ചിട്ട് പറഞ്ഞു,"ദേവദത്ത, നീ പക്ഷിയെ കൊല്ലാൻ ശ്രമിച്ചു. പക്ഷേ സിദ്ധാർത്ഥൻ അതിനെ രക്ഷിക്കാൻ ശ്രമിച്ചു. ജീവൻ രക്ഷിക്കുന്ന പ്രവൃത്തി ജീവൻ എടുക്കുന്നതിനേക്കാൾ മഹത്തരമാണ്. അതിനാൽ പക്ഷി സിദ്ധാർത്ഥന്റേതാണ്."



Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar

Artist Uma Krishnaswamy

ഒട്ടകവും കുറുക്കനും

"ഒട്ടകച്ചേട്ടാ! ഒട്ടകച്ചേട്ടാ!" കുറുക്കൻ ഉറക്കെ വിളിച്ചു പറഞ്ഞു: "നദിയുടെ അക്കരേക്ക് നോക്കൂ! അവിടെ നിറയെ മധുര വെള്ളരി കായ്ച്ചു നിൽകക്കുന്നത് കണ്ടോ? നമുക്കൊന്നു പോയി രുചിച്ചു നോക്കിയാലോ?!"

"ഓ ശരി, നമുക്ക് പോകാം!" ഒട്ടകം സമ്മതിച്ചു. ഒട്ടകം അൽപ്പം കുനിഞ്ഞു നിന്ന് കുറുക്കനെ മുതുകത്ത് കയറ്റിയ ശേഷം നദി മുറിച്ചു കടക്കാൻ തുടങ്ങി.

മറുകരയിലെത്തിയപ്പോൾ, കുറുക്കൻ ഒട്ടകപ്പുറത്തു നിന്ന് ചാടി ഇറങ്ങി. ഇരുവരും ഒരുമിച്ച് വയലിൽ കേറി വെള്ളരിക്ക നുണഞ്ഞു തിന്നു തുടങ്ങി. ഹായ്! എന്തൊരു സ്വാദ്!!





കുറുക്കൻ കുറച്ച് വെള്ളരിക്ക മാത്രമേ കഴിച്ചുള്ളൂ. പിന്നെ അത് അവിടെ നിന്ന് സ്ഥലം വിടാൻ ആഗ്രഹിച്ചു. പക്ഷേ ഒട്ടകം അപ്പോഴും വെള്ളരി തിന്നുന്ന തിരക്കിലായിരുന്നു.

കുറുക്കൻ ക്ഷമ കെട്ട് അങ്ങോട്ടും ഇങ്ങോട്ടും ഓടാൻ തുടങ്ങി. "ഒട്ടകച്ചേട്ടാ!" കുറുക്കൻ പിറുപിറുത്തു. "ചേട്ടൻ ഇതുവരെ തിന്നു തീർന്നില്ലേ?"

ഒട്ടകം പറഞ്ഞു,"ഇല്ലില്ല.. എന്റെ വയറ് പകുതി പോലും നിറഞ്ഞിട്ടില്ല! നീ അൽപ്പനേരം മിണ്ടാതിരിക്ക്, എന്നെ കുറച്ചു കൂടി കഴിക്കാൻ അനുവദിക്കൂ."

"എനിക്ക് മിണ്ടാതിരിക്കാൻ കഴിയില്ല ചേട്ടാ!" കുറുക്കൻ പറഞ്ഞു."വയറു നിറഞ്ഞു കഴിയുമ്പോൾ ആകാശത്തേക്ക് നോക്കി ഓരിയിടുന്നത് എന്റെ ഒരു ശീലമാണ് കെട്ടോ. ചേട്ടൻ ക്ഷമിക്കണം!" ഇത്രയും പറഞ്ഞ് കുറുക്കൻ ഉച്ചത്തിൽ ഓരിയിടാൻ തുടങ്ങി. "ഔ.. ഓയ് ഒഓയ്!!"



നാട്ടുകാരെല്ലാം കുറുക്കന്റെ ശബ്ദം കേട്ടു. അവർ വടികളുമായി ഓടിക്കൂടി. കുറുക്കൻ സൂത്രത്തിൽ നദീതീരത്തേക്ക് ഓടി ഒളിച്ചു .

പാവം ഒട്ടകം! അത് കുടുങ്ങിപ്പോയി! ആളുകൾ അതിനെ പിടികൂടി കഠിനമായി അടിച്ചു. ഒടുവിൽ അത് എങ്ങനെയോ രക്ഷപ്പെട്ട് കുറുക്കൻ നിന്നിരുന്ന സ്ഥലത്ത് എത്തിച്ചേർന്നു...

"അയ്യോ, എന്തൊരു കഷ്ടം! അവർ ചേട്ടനെ ഒത്തിരി അടിച്ചു അല്ലേ! ചേട്ടന് നൊന്തോ!" കുറുക്കൻ കള്ള സഹതാപം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു


"അതൊന്നും സാരമില്ല," ഒട്ടകം മറുപടി പറഞ്ഞു. "വാ, നീ എന്റെ മുതുകിൽ കയറ്. നമുക്ക് നദി കടന്ന് സ്ഥലം വിടാം!"

അവർ നദിയുടെ മധ്യഭാഗത്ത് എത്തിയപ്പോൾ, ഒട്ടകം പെട്ടെന്ന് വെള്ളത്തിൽ ഒറ്റ നിൽപ്പ്. പിന്നെ അത് ശരീരം ഇരു വശത്തേക്കും ആട്ടിത്തുടങ്ങി.




കുറുക്കൻ പേടിച്ചു പോയി. "ഹേയ്!" അത് അമറി. "ചേട്ടൻ എന്തിനാണ് ഇങ്ങനെ ആടുന്നത്? ഞാൻ വെള്ളത്തിൽ വീഴും കെട്ടോ!"

"സാരമില്ല സഹോദരാ അൽപം വിശ്രമിക്കുന്നേ!" ഒട്ടകം പറഞ്ഞു. "ഭക്ഷണം കഴിച്ചതിനുശേഷം കുറെ നേരം ഇങ്ങിനെ ആടുന്ന ഒരു ശീലം എനിക്കുണ്ട്. ക്ഷമിക്കണം!" ഇത്രയും പറഞ്ഞ ശേഷം ഒട്ടകം കൂടുതൽ ശക്തിയായി ശരീരം ആട്ടാൻ തുടങ്ങി. കുറുക്കൻ നിലവിളിച്ചു, “ചേട്ടാ ദയവായി നിർത്തണേ!"



പക്ഷേ ഒട്ടകം ആട്ടം തുടർന്നു! ഒടുവിൽ, കുറുക്കൻ ഒട്ടകത്തിന്റെ മുതുകിൽ നിന്ന് വെള്ളത്തിലേക്ക് വീണു. പാവം കുറുക്കൻ

ഒരു പഞ്ചതന്ത്ര കഥ



Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar

Artist Uma Krishnaswamy

ഒരു ചില്ലയുടെ യാത്ര

"ഡിം"

മരക്കൊമ്പിൽ നിന്ന് ഉണങ്ങിയ ഒരു ചില്ലക്കൊമ്പ് ഒടിഞ്ഞു നിലത്ത് വീണു

പക്ഷേ അത് അവിടെത്തന്നെ കിടന്നോ? ഹെയ്! ഇല്ല! അത് എഴുന്നേറ്റു ചുറ്റും കറങ്ങാൻ തുടങ്ങി. അധികം താമസിയാതെ കൊമ്പ് ഒരു നദിയിലെത്തി. വെള്ളത്തിൽ മുങ്ങി പൊങ്ങി. ഒഴുക്കിൽ നീന്തിക്കളിച്ചു. ആകപ്പാടെ ബഹു രസം. ചില്ലക്കൊമ്പ് ശരിക്കും ആസ്വദിക്കുകയായിരുന്നു!





പെട്ടെന്ന് എവിടെ നിന്നോ അതി മനോഹരമായ ഒരു പാട്ട് ഒഴുകിയെത്തി! ചില്ല മുകളിലേക്ക് നോക്കിയപ്പോൾ ഒരു വൃക്ഷ ശാഖയിൽ ഇരുന്നുകൊണ്ട് കുയിൽ പാടിക്കൊണ്ടിരിക്കുകയാണ്.

ചില്ല നദിയുടെ ഓരം ചേർന്ന് പാട്ട് ശ്രദ്ധിച്ചു കൊണ്ടിരുന്നു. എത്ര മനോഹരമായ ഗാനം!
ചില്ലയ്ക്ക് കുയിലിനെ അഭിനന്ദിക്കാൻ അതിയായ മോഹം തോന്നി..
പക്ഷേ,"...", " .." എന്തു ചെയ്യാം!
ചില്ലയ്ക്ക് സംസാരിക്കാൻ കഴിയുന്നില്ല!

അത് വീണ്ടും സങ്കടത്തോടെ യാത്ര തുടർന്നു.






അൽപ്പം കഴിഞ്ഞ് ചില്ല ഒരു റോസാപ്പൂവിന്റെ അടുത്തെത്തി. ചില്ല റോസാപ്പൂവിനെ ഏറെ നേരം നോക്കി നിന്നു. "നീ വളരെ സുന്ദരിയാണ്!" എന്ന് റോസയോട് പറയാൻ ചില്ലക്ക് ആഗ്രഹം തോന്നി, പക്ഷേ അതിന് ഒന്നും പറയാനായില്ല.

ദുഃഖത്തോടെ കുറച്ചു ദൂരം മുന്നോട്ടു പോയപ്പോൾ ഒരു തവള കവിത എഴുതുന്നത് ചില്ല കണ്ടു! കൌതുകത്തോടെ തവളയുടെ കവിതയെഴുത്തും നോക്കി നിൽക്കവേ ഒന്നോ രണ്ടോ പുതിയ വരികൾ അതിൽ കൂട്ടിച്ചേർക്കണമെന്ന് ചില്ല ആഗ്രഹിച്ചു. പക്ഷേ അക്കാര്യവും പറയാൻ കഴിഞ്ഞില്ല.




പാവം ചില്ല! അത് താൻ വന്ന വഴിയിലേക്ക് തിരിഞ്ഞുനോക്കി.

ഹായ് എന്തൊരൽഭുതം! അത് വന്ന വഴിയിലൂടെ ഒരു വര നീണ്ടു നീണ്ടു ചില്ലയിലെത്തുന്നു!




ആ വര ചില്ലയുടെ സഞ്ചാര പാതയായിരുന്നു!


ചില്ല സന്തോഷത്താൽ തുള്ളിച്ചാടി. അത് വരയ്ക്കാൻ തുടങ്ങി. ആദ്യം ഒരുപാട് വരകൾ, പിന്നീട് പല പല ചിത്രങ്ങൾ. ധീര മനോഹര ചിത്രങ്ങൾ!



ചില്ലയുടെ ചിത്രം വര കാണാൻ കാട്ടിലെ മൃഗങ്ങളും പക്ഷികളും ചുറ്റും കൂടി. പക്ഷേ ചില്ല ഒന്നും ശ്രദ്ധിച്ചില്ല. അത് ചിത്രരചനയിൽ മുഴുകി.


പെട്ടെന്ന് ചിത്രത്തിൽ മനോഹരമായ ഭൂപ്രകൃതി പ്രത്യക്ഷമായി. അത് പാതകളിൽ നിറഞ്ഞു, എല്ലാ ദിശകളിലേക്കും പടർന്നു. കാട്ടിൽ അത്തരമൊരു കാഴ്ച അതുവരെ ആരും കണ്ടിട്ടില്ല! എല്ലാവരും ചില്ലയെ പ്രശംസിക്കാൻ ആഗ്രഹിച്ചു.





പക്ഷികൾ ചിറകടിച്ചു പാടി. പൂക്കൾ വിടർന്നുലഞ്ഞ് നൃത്തമാടി. ചിത്രശലഭങ്ങൾ സംഗീതം മൂളി. മരങ്ങൾ സൌമ്യമായി ശാഖകൾ വീശി.

പക്ഷേ ചില്ല ആരെയും കാണുകയോ കേൾക്കുകയോ ചെയ്തില്ല. അതിന്റെ മനസ്സു നിറയേ ചിത്രങ്ങളായിരുന്നു.. അത് വരച്ചുകൊണ്ടേയിരുന്നു.





പെട്ടെന്ന്, ആകാശം ഇരുണ്ടു. "ഢിൽ ഢിൽ ഢിൽ"....തുരു തുരാ മഴത്തുള്ളികൾ പെയ്തിറങ്ങി.. മഴവെള്ളം എല്ലാ മനോഹരമായ ചിത്രങ്ങളെയും മായ്ച്ചു കളഞ്ഞു! കാട് നിശബ്ദ വേദനയോടെ കണ്ട് നിന്നു. പക്ഷേ ആ ചില്ല ഒട്ടും വിഷമിച്ചില്ല. അതിന് എപ്പോൾ വേണമെങ്കിലും പുതിയ ചിത്രങ്ങൾ വരയ്ക്കാൻ കഴിയുമല്ലോ!

അത് ഒരു ഇലയുടെ കീഴിൽ ഒളിച്ചുനിന്ന് കൊണ്ട് മഴ ആസ്വദിക്കുകയായിരുന്നു. മഴ തോരുന്നതു വരെ കാത്തിരിക്കാം. അതാ! മേഘങ്ങൾ ഉച്ചത്തിൽ മുരളുന്നുണ്ടായിരുന്നു. കാത്തിരിക്കാം....

ജോൺ ലെക്നറുടെ "ദി ക്ലെവർ സ്റ്റിക്കി"നെ അടിസ്ഥാനമാക്കി.



Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar

Artist Uma Krishnaswamy